## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1521** **05.02.2019 ൽ മറുപടിയ്ക്ക്**

## തരിശു ഭൂമി കൃഷിയോഗ്യമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |

എ) സംസ്ഥാനത്ത് കൃഷി ചെയ്യാതെ കിടക്കുന്ന തരിശു ഭൂമി എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

എ) ഉണ്ട്. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ 2016-17- ലെ പ്രസിദ്ധീകരിച്ച കണക്ക പ്രകാരം സംസ്ഥാനത്തെ ആകെ തരിശു ഭൂമിയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | തരിശു ഭൂമിയുടെ വിസ്തൃതി (ഹെക്ടർ) | | |
|---|---|---|---|
| | തന്നാണ്ടിലെ തരിശുഭൂമി | ദീർഘകാലമായി തരിശു കിടക്കുന്ന ഭൂമി | ആകെ തരിശുഭൂമി |
| തിരുവനന്തപുരം | 2884 | 703 | 3587 |
| കൊല്ലം | 3393 | 1909 | 5302 |
| പത്തനംതിട്ട | 3783 | 2693 | 6476 |
| ആലപ്പുഴ | 3406 | 1900 | 5306 |
| കോട്ടയം | 5019 | 2865 | 7884 |
| ഇടുക്കി | 1481 | 1157 | 2638 |
| എറണാകുളം | 8899 | 8031 | 16930 |
| തൃശ്ശൂർ | 9813 | 6031 | 15844 |
| പാലക്കാട് | 13889 | 16155 | 30044 |
| മലപ്പുറം | 8084 | 5572 | 13656 |
| കോഴിക്കോട് | 1938 | 955 | 2893 |
| വയനാട് | 2915 | 1195 | 4110 |
| കണ്ണൂർ | 4069 | 3915 | 7984 |
| കാസർഗോഡ് | 2435 | 2449 | 4884 |

| | |
|---|---|
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തരിശു ഭൂമി കൃഷിയോഗ്യമാക്കാൻ വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ; | ബി) തരിശു ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകി വരുന്നു. ഒന്നാം വർഷം ഹെക്ടറിനു 30000/- രൂപയും, രണ്ടാം വർഷം 7000/- രൂപയും മൂന്നാം വർഷം 4500/- രൂപയും ധനസഹായമായി നൽകുന്നത്. കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചു നൽകാനും വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25000/- രൂപയും ഭൂവുടമയ്ക്ക് 5000/- രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5800/- രൂപയും 1200/- രൂപയും, മൂന്നാം വർഷം 3750/- രൂപയും 750/- രൂപയും ആണ്. നടപ്പ് സാമ്പത്തിക വർഷം, നാളുകളായി തരിശുകിടക്കുന്ന 2878 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയിറക്കുവാൻ ഉദ്ദേശിക്കുന്നു. 1057.5 ഹെക്ടർ തരിശു നിലം 2018 ഡിസംബർ വരെ കൃഷി ചെയ്തു കഴിഞ്ഞു.<br>ഈ വർഷം തരിശുനിലങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനായി 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>തരിശു ഭൂമിയിൽ പച്ചക്കറി/ കിഴങ്ങുവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിനു ഹെക്ടറൊന്നിനു 30000/- രൂപയുടെ ആനുകൂല്യം നൽകി വരുന്നു. നെൽ കൃഷിക്കു നൽകുന്നതു പോലെ ഭൂവുടമയ്ക്ക് 5000/- രൂപയും കർഷകനു 25000/- രൂപയുമാണു ധനസഹായം. ഈ വർഷം തരിശു ഭൂമിയിലെ പച്ചക്കറി കൃഷിക്കായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ഹെക്ടർ തരിശു ഭൂമിയിലാണ് പുതുതായി കൃഷി ആരംഭിച്ചിട്ടുള്ളതെന്നും, ഏതൊക്കെ പഞ്ചായത്തുകളെയാണ് തരിശു രഹിത പഞ്ചായത്തുകളായി പ്രഖ്യാപിച്ചിട്ടുള്ളതെന്നും അറിയിക്കാമോ; | സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2018 ഡിസംബർ മാസം വരെ 12101.9967 ഹെക്ടർ തരിശുഭൂമിയിലാണ് പുതുതായി കൃഷി ആരംഭിച്ചിട്ടുള്ളത്. 10028.57 ഹെക്ടർ സ്ഥലത്ത് തരിശുനിലങ്ങളിൽ നെൽകൃഷിയും, 2073.4267 ഹെക്ടർ തരിശുഭൂമിയിൽ പച്ചക്കറികൃഷിയും നടപ്പിലാക്കുവാൻ സാധിച്ചു.<br>2016-17 സാമ്പത്തിക വർഷം 2782.3857 ഹെക്ടറും 2017-18 സാമ്പത്തിക വർഷം 5485.69 ഹെക്ടറും തരിശുനിലങ്ങൾ നെൽകൃഷിയിലേക്ക് കൊണ്ടുവന്നു. 2018-19 സാമ്പത്തിക വർഷം ഡിസംബർ മാസം വരെ 1760.5 ഹെക്ടർ സ്ഥലത്ത് നെൽകൃഷി പ്രാവർത്തികമാക്കി. മൂന്നാം വിള കാലത്ത് കൂടുതൽ തരിശുവിസ്തൃതി നെൽകൃഷിയിലേക്ക് കൊണ്ടുവരാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>2016-17 സാമ്പത്തിക വർഷം 696.6 ഹെക്ടറും 2017-18 സാമ്പത്തിക വർഷം 997.79 ഹെക്ടറും |

തരിശുഭൂമി പച്ചക്കറികൃഷിയിലേക്ക് കൊണ്ടുവന്നു. 2018-19 സാമ്പത്തിക വർഷം ഡിസംബർ മാസം വരെയുള്ള കണക്ക പ്രകാരം 379.0367 ഹെക്ടർ തരിശുഭൂമിയിൽ പച്ചക്കറികൃഷി ചെയ്തിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ തഴക്കര, മണ്ണഞ്ചേരി പഞ്ചായത്തുകളെ തരിശുരഹിത പഞ്ചായത്തുകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**